നമ്പർ ഇ3-2315/14

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി : 03-03-2015

## പരിപത്രം

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വർക്കിംഗ് - അറേഞ്ച്മെന്റ് - കർശന-നിർദ്ദേശങ്ങൾ -പുറപ്പെടുവിച്ചത്-തുടർ-നടപടി-റിപ്പാർട്ട് - സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിൽ നിന്നുള്ള 13-01-15-ലെ ഇതേ നമ്പർ പരിപത്രം.

വകുപ്പ് അദ്ധ്യക്ഷന്റെ മുൻകൂർ അനുവാദമില്ലാതെ നടത്തിയിട്ടുള്ള ജില്ലാതല വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലെ സ്ഥലംമാറ്റ നിയമനങ്ങൾ ഉടൻ പ്രാബല്യത്തിൽ റദ്ദ് ചെയ്ത് പ്രസ്തുത ജീവനക്കാരെ ടിയാളുകളുടെ സ്വന്തം ലാവണങ്ങളിലേക്ക് തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന് സൂചനയിലെ പരിപത്ര പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത സർക്കുലറിലെ നിർദ്ദേശം നടപടിലാക്കാതെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിലവിൽ ജീവനക്കാർ തുടരുന്നുണ്ടോയെന്ന് പരിശോധിച്ച് ആയത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഇല്ലായെങ്കിൽ പ്രസ്തുത വിവരം ഉറപ്പാക്കിക്കൊണ്ട് എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും ഈ കാര്യാലയത്തിലേക്ക് 10-03-2015-നു മുമ്പായി റിപ്പോർട്ട് ചെയ്യേണ്ടതാണ്

സൂചനയിലെ നിർദ്ദേശം നടപ്പിലാക്കാത്ത ജില്ലാതല ഓഫീസർമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതാണ്.

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും,
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.